(എ) കണ്ടം എലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പൂട്ടിയിട്ട ഇപ്പോൾ എത്ര നാളായി ;

(ബി) ഈ കമ്പനിയിൽ ഗവണ്മെൻറിനു എത്ര ശതമാനം ഷെയറുകൾ ഉണ്ട് ;

(സി) എന്തുകൊണ്ട് പൂട്ടിയിട്ടിരിക്കുന്നു?

ഉത്തരം

(എ) ആറുമാസത്തോളമായി.

(ബി) 9 ശതമാനം

(സി) നടത്തുന്നതിനു വേണ്ട പണമില്ലാത്തതുകൊണ്ട്.

ബഹുമുഖവിൽപ്പനനികുതി.

൫൨൨. [൨൨] ശ്രീ. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ മലംചരക്കുകളുടെ മേൽ (എള്ള്, ഇഞ്ചി, കശുമുളക്, പുൽതൈലം മുതലായവ) ബഹുമുഖ വിൽപ്പനനികുതി ഏർപ്പെടുത്തിയതു് എന്നുമുതൽക്കാണു് ;

(ബി) അതിൽനിന്നും ഒരോ ആണ്ടിലും ഉണ്ടായിട്ടുള്ള വരുമാനം എന്തു് ;

(സി) ഈ ബഡ്ജറ്റ് വർഷത്തിൽ പ്രതീക്ഷിക്കുന്ന ആദായമെന്തു്?

(ഡി) ഇതു് സിങ്കിംപോയിൻറ് ആക്കി മാറ്റിയാൽ വരുമാനത്തിൽ ഉണ്ടാകുന്ന വ്യത്യാസമെന്തു്?

ഉത്തരം.

(എ) ൨൨-൨൩-ൽ ൫൫.

(ബി) ൫൫ ൫൦. ൫൬-ൽ ൫൫, ൨൭,൨൦൦ ക.
൫൫ ൫൬-൫൭-ൽ ൨൨,൭൫, ൪൦൦ ക.

(സി) ൭,൦൭,൦൪൨ ക.

(ഡി) ൫,൭൫, ൦൦൦ ക.

മെഡിക്കൽ മന്ത്രി ആരംഭിച്ച ഫണ്ട്.

൫൭൫. [൭൫] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ മന്ത്രി ൫൭-൫൮-ൽ ആരംഭിച്ച ഫണ്ടിലേയ്ക്ക് എന്തു തുക പിരിഞ്ഞുകിട്ടി ; ഏവിടെനിന്നെല്ലാം ; സംഭാവന ചെയ്തവരുടെ പട്ടിക വിവരിക്കുമോ ;

(ബി) ഈ തുക എന്താവശ്യത്തിനായി ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യാതൊരു തുകയും പിരിഞ്ഞുകിട്ടിയില്ല. എന്നാൽ ഫൗണ്ടേഷൻ നിർദ്ധനരായ ക്ഷയരോഗികളുടെ ചികിത്സാർത്ഥം നീക്കിവച്ചിരുന്ന ഇരുപതിനായിരം (൨൦൦൦) രൂപായും, തിരുവനന്തപുരം കണ്ണാശുപത്രിയിലെ അമനിറ്റി ഫണ്ടിലേയ്ക്ക് പിരിഞ്ഞുകിട്ടിയ ഉദ്ദേശം ൪൭൪ രൂപയും മെഡിക്കൽ മന്ത്രിയുടെ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഇതേവരെ ഒന്നും ചെലവാക്കിയിട്ടില്ല.

ഇത്തിപ്പഴ പാലംപണി.

൪൩൦. [൨൭] ശ്രീ. സി. കെ. വിശ്വനാഥൻ : തെക്കൻ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇത്തിപ്പഴ പാലംപണി എത്രകൊല്ലംകൊണ്ട് തീർക്കണമെന്നാണ് കൺട്രാക്റ്റ് ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) കഴിയുന്നത്ര ആളുകളെ നാട്ടിൽനിന്നുതന്നെ പണികൊടുക്കണമെന്ന വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പാലം പണിയിൽ ഈ തത്വം അംഗീകരിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) രണ്ടുവർഷം

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉടമ്പടിയിൽ അപ്രകാരം ഒരു വ്യവസ്ഥ ആവശ്യമുണ്ടെന്ന് ഗവണ്മെൻറ് കരുതുന്നില്ല.

Koratty Leper Hospital.

531. [28] **Shri K. V. Krishnankutty Warrier :** Will the Minister for Public Health be pleased to state :

(*a*) how many patients are there now in the Koratty Leper Hospital ;

(*b*) what is the rate of food and medicine allowance to a patient for a day ; and

(*c*) what is the amount that the Government is spending for the institution as grant this year ?

LIBRARY ARCHIVES Kerala Legislative Assembly